ഉത്തരം

(എ) ചെരുതന പി. എച്ച്. സി. യിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഐ. പി. വാർഡിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്

(ബി) അസിസ്റ്റന്റ് സർജൻ—1

സ്റ്റാഫ്നേഴ്സ് —1

നഴ്സിംഗ് അസിസ്റ്റന്റ്—1

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II—1 എന്നീ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു.

(സി) കിടക്കകളുടെ എണ്ണം 14 ആക്കി ഉയർത്താനും പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ചാത്തന്നൂർ പി. എച്ച്. സി. യിൽ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്നതിന് നടപടി

145[1672] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ പി. എച്ച്. സി. യിൽ നബാർഡിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിച്ച് ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ പി.എച്ച്.സി. യിൽ നബാർഡിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിച്ച് ഐ. പി. വിഭാഗം ആരംഭിക്കുന്നതിനുള്ള 10,70,489 രൂപയുടെ ഒരു പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനു സമർപ്പിച്ചു. എന്നാൽ നബാർഡിന്റെ ആർ. ഐ. ഡി. എഫ്.-X സ്കീമിൽ ആരോഗ്യ മേഖലയ്ക്ക് പ്രത്യേക വിഹിതം വകയിരുത്തിട്ടില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടില്ല.

പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പ്രൈമറി ഹെൽത്ത് സെന്റർ

146 [1673] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരാശരി ഒരു ദിവസം എത്ര രോഗികൾ ഈ ആശുപത്രിയെ ആശ്രയിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ആശുപത്രി കെട്ടിടം വൈദ്യുതീകരിച്ചതാണോ എന്നും അല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണെന്നും വിശദീകരിക്കാമോ;

(ഡി) കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 4-11-2001 മുതൽ

(ബി) ഏകദേശം 200 രോഗികൾ

(സി) വൈദ്യുതീകരിച്ചിട്ടില്ല. പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറ്റം ചെയ്യാത്തതുകൊണ്ട് പുതിയ കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല. ആയതിനാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വൈദ്യുതികണക്ഷന് അപേക്ഷിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(ഡി) ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്തിന് കൈമാറ്റം ചെയ്ത് കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കൈമാറ്റം ചെയ്ത് കിട്ടുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിന് നടപടി

147 [1674] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) വകുപ്പ് മന്ത്രി വിളിച്ചുചേർത്ത ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ ആശുപത്രി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്നും അവ നടപ്പിലാക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി എത്രത്തോളമായിട്ടുണ്ടെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly